LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെയും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെയും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി തിരുവനന്തപുരത്ത് രണ്ടാമതൊരു മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കി അവിടെ പുതിയ നിർമ്മിതി ബി.എസ്.എൻ.എൽ.-ന്റെ നേതൃത്വത്തിൽ നടക്കുന്നു. കോളേജിന്റെ ആസ്ഥാന മന്ദിരത്തിന്റെ പണിയും പുരോഗമിക്കുകയാണ്.

ഹരിപ്പാട് മെഡിക്കൽ കോളേജ് :

12-5-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിട്ട കുറുവാറ്റയിൽ 25 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുക്കാൻ നടപടി തുടരുന്നു. കോളേജിന്റെ സ്ഥാപനത്തിന് ധനം സമാഹരിക്കാൻ രൂപീകരിച്ച 'ഇൻഫ്രാമെഡ് 'കമ്പനി രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. കൂടാതെ സ്ഥാപിതമാകുന്ന കോളേജിന്റെ ദൈനംദിന ഭരണം നടത്തുന്നതിന് 'കിമെഡ്' എന്ന ഒരു സൊസൈറ്റി തിരു-കൊച്ചി ചാരിറ്റബിൾ ആക്ടിന്റെ പരിധിയിൽ ജില്ലാ രജിസ്ട്രാറുടെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

(സി) എത്രയുംവേഗം പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) തിരുവനന്തപുരം, വയനാട് മെഡിക്കൽ കോളേജുകൾ സർക്കാർ മേഖലയിലും ഹരിപ്പാട് മെഡിക്കൽ കോളേജ് പൊതു-സ്വകാര്യ പങ്കാളിത്ത (പി.പി.പി) മാതൃകയിലുമാണ് സ്ഥാപിക്കുന്നത്. ഹരിപ്പാട് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 'ഇൻഫ്രാമെഡ്' ഷെയർ വില്പനവഴി നിക്ഷേപകരെ കണ്ടെത്തുന്നതിന് ഉദ്ദേശിക്കുന്നു. ഇതിലേയ്ക്ക് കുറുവാറ്റയിൽ 25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

രാമറാവു താലൂക്ക് ആശുപത്രിയിൽ തസ്തിക അനുവദിക്കൽ

22 (2231) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം രാമറാവു താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡറിലുള്ള ഡോക്ടർമാർ ഉൾപ്പെടെയുള്ള വിവിധ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുടെ തസ്തിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത ആവശ്യം ന്യായമാണെന്ന് ബോദ്ധ്യമുണ്ടെങ്കിൽ അനുകൂല നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) നെടുങ്ങോലം രാമറാവു താലൂക്ക് ആശുപത്രിയിൽ അവശ്യംവേണ്ട തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ 2014-15 സാമ്പത്തിക വർഷം പരിശോധിച്ചിരുന്നെങ്കിലും ധനവ്യയ നിയന്ത്രണം നിലനിന്നിരുന്ന തിനാൽ പുതിയ തസ്തികകൾ സൃഷ്ടിക്കാനായില്ല. നടപ്പു സാമ്പത്തിക വർഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും പുതിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ആലപ്പുഴ ജനറൽ ആശുപത്രിയുടെ അവസ്ഥ

23 (2232) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പട്ടണത്തിൽ സ്ഥിതി ചെയ്യുന്നതും മെഡിക്കൽ കോളേജ് ആശുപത്രിയായി പ്രവർത്തിക്കുന്ന തുമായ ആലപ്പുഴ ജനറൽ ആശുപത്രിയുടെ ഇന്നത്തെ അവസ്ഥ പരിശോധി ച്ചിട്ടുണ്ടോ ;

(ബി) ആവശ്യത്തിനു ഡോക്ടറോ പാരാമെഡിക്കൽ ജീവനക്കാരോ ഇല്ലാത്തതും അവശ്യമരുന്നുകളുടെ അഭാവവും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആശുപത്രിയെ കാലാനുസൃതമായി പരിഷ്കരിക്കാനും അവശ്യ മരുന്നും ജീവനക്കാരും ഉണ്ടെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly